ബിലാലുബ്നു അബ്ദുല്ല, കരിയാട്
bilalibnuabdulla@gmail.com

# ഹദീസ് പഠിക്കുക, പ്രചരിപ്പിക്കുക

عَنْ زَيْدِ بْنِ ثَابِتٍ قَالَ : سَمِعْتُ رَسُولَ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ يَقُولُ : نَضَّرَ اللَّهُ امْرَأً سَمِعَ مِنَّا حَدِيثًا فَحَفِظَهُ حَتَّى يُبَلِّغَهُ ؛ فَرُبَّ حَامِلِ فِقْهٍ إِلَى مَنْ هُوَ أَفْقَهُ مِنْهُ، وَرُبَّ حَامِلِ فِقْهٍ لَيْسَ بِفَقِيهٍ

**സൈദു ബ്നു സാബിത്തിൽനിന്ന്. നബി(സ) പറയുന്നതായി ഞാൻ കേട്ടു: "നമ്മിൽനിന്ന് ഒരു ഹദീസ് കേൾക്കുകയും അത് ഹൃദിസ്ഥമാക്കുകയും എന്നിട്ടത് മറ്റൊരാൾക്ക് എത്തിച്ചുകൊടുക്കുകയും ചെയ്യുന്നവനെ അല്ലാഹു പ്രസന്നനാക്കട്ടെ. വിജ്ഞാനം വഹിക്കുന്ന എത്ര പേരാണ് തന്നേക്കാൾ അറിവുള്ളവരിലേക്ക് അത് എത്തിക്കുന്നത്. അതുപോലെ ജ്ഞാനികളല്ലാത്ത എത്ര ആളുകളുണ്ട് വിജ്ഞാനം വഹിക്കുന്നവരായി" (തിർമുദി: 2656).**

അബ്ദുല്ലാഹിബ്നു മസ്ഊദ്, അനസുബ്നു മാലിക്, ജുബൈറുബ്നു മുത്ഇം, സൈദുബ്നു സാബിത്ത് ഉൾപ്പെടെ ഇരുപതോളം സ്വഹാബികൾ ഈ ഹദീസ് നിവേദനം ചെയ്തിട്ടുണ്ട്. മുതവാതിറായ ഹദീസുകളുടെ ഇനത്തിലാണ് പണ്ഡിതന്മാർ ഈ ഹദീസിനെ എണ്ണിയിട്ടുള്ളത്. പദങ്ങളിൽ ചെറിയ മാറ്റങ്ങളോടെ ഇമാം അഹമദ് (4157), ഇബ്നുമാജ (232), ഇബ്നു അബ്ദിൽബർറ് (1/40), ബൈഹഖി (1/3) തുടങ്ങിയ പ്രമുഖ ഹദീസ് പണ്ഡിതരുടെ ഹദീസ് സമാഹാരങ്ങളിലും ഈ ഹദീസ് ഉദ്ധരിക്കപ്പെട്ടിട്ടുണ്ട്.

ഇസ്‌ലാമിക സന്ദേശ പ്രചാരണത്തിന്റെ പ്രാധാന്യം ഊന്നിപ്പറയുന്ന ഒരു ഹദീസാണിത്. 'അല്ലാഹു പ്രസന്നമാക്കട്ടെ' എന്ന പ്രയോഗം ഇഹ-പരലോക അനുഗ്രഹങ്ങൾക്ക് വേണ്ടിയുള്ള പ്രാർഥനയെ കുറിക്കുന്നു. അല്ലാഹു ഒരാളെ അഭിവൃദ്ധിയും വശ്യതയും പ്രസന്നതയും മനോഹാരിതയും അണിയിക്കുകയോ, അല്ലെങ്കിൽ സ്വർഗീയാനുഭൂതിയുടെ തിളക്കത്തിലേക്ക് അവനെ എത്തിക്കുകയോ ചെയ്യട്ടെ എന്നാണ് ഈ പ്രാർഥനയുടെ ഉദ്ദേശ്യമെന്ന് ഇമാം സുയൂത്വി വിശദീകരിച്ചിട്ടുണ്ട്. ആന്തരികവും ബാഹ്യവുമായ നേട്ടങ്ങളും, ഐഹികവും പാരത്രികവുമായ അനുഗ്രഹങ്ങളും ഈ പ്രാർഥന സ്വീകരിക്കപ്പെടുന്നതുമുഖേന ഒരു വിശ്വാസിക്ക് കൈവരിക്കാനാകും. ഈ അനുഗ്രഹങ്ങൾ ലഭിക്കാൻ രണ്ട് നിബന്ധനകളാണ് നബി(സ) പഠിപ്പിക്കുന്നത്. നബി(സ)യുടെ ഹദീസ് കേൾക്കുകയും ഗ്രഹിക്കുകയും ചെയ്യുക എന്നതാണ് അതിലൊന്ന്.

ഓരോ വിശ്വാസിയും ഹദീസുകളിലെ ഗുണപാഠങ്ങൾ മനസ്സിലാക്കാൻ ശ്രമം നടത്തണം. വിശുദ്ധ ഖുർആനിന്റെ ആധികാരിക വ്യാഖ്യാനമാണ് ഹദീസുകൾ. ''നിനക്ക് നാം ഉദ്ബോധനം അവതരിപ്പിച്ചുതന്നിരിക്കുന്നു. ജനങ്ങൾക്കായി അവതരിപ്പിക്കപ്പെട്ടത് നീ അവർക്ക് വിവരിച്ചുകൊടുക്കാൻ വേണ്ടിയും, അവർ ചിന്തിക്കാൻ വേണ്ടിയും'' (*അന്നഹ്ൽ*: 44). നബി(സ)യുടെ വിശദീകരണങ്ങളെ മാറ്റിനിർത്തി ഖുർആനിന്റെ കൽപ്പനാനിർദേശങ്ങളെ മനസ്സിലാക്കാൻ കഴിയില്ല. സ്വഹാബിയായ ഹുദൈഫത്തുൽ യമാനോട് ഖവാരിജുകളിലെ ചിലർ സുന്നത്തിന്റെ പ്രാമാണികതയെക്കുറിച്ച് സംശയം പ്രകടിപ്പിച്ചപ്പോൾ അദ്ദേഹം അവരോട് ചോദിച്ചു: 'ഖുർആനിൽ നമസ്കാരം നിലനിർത്തുക എന്ന അല്ലാഹുവിന്റെ കൽപ്പന നിങ്ങൾ കണ്ടിട്ടുണ്ടല്ലോ? എന്നാൽ ളുഹ്ർ നാല് റക്അത്തെന്നും അസ്വ്ർ നാലെന്നും മഗ്‌രിബ് മൂന്നെന്നും ഇശാഅ് നാലെന്നും സ്വുബ്ഹ് രണ്ടെന്നും ഖുർആനിൽ ഉണ്ടോ?' അവർ ഇല്ല എന്ന് മറുപടി നൽകി. അപ്പോൾ ഹുദൈഫ(റ) പറഞ്ഞു: 'നിങ്ങൾക്കത് നബിയുടെ സുന്നത്തിൽനിന്നല്ലാതെ മനസ്സിലാവില്ല.' ഹദീസ് പഠിക്കാൻ മുൻഗാമികൾ സഹിച്ച ത്യാഗം നിസ്തുലമാണ്. അബുദ്ദർദാഇ(റ)ൽനിന്ന് ഒരു ഹദീസ് കേൾക്കാൻ ജാബിറു ബ്നു അബ്ദില്ല (റ) ബൈത്തുൽ മഖ്ദിസിലേക്ക് ഒരു മാസം ദൈർഘ്യമുള്ള യാത്ര നടത്തിയിരുന്നു. തന്റെ കൈവശമുള്ള സമ്പാദ്യം മുഴുവൻ ഹദീസ് പഠനത്തിന്നായി വിനിയോഗിച്ച പണ്ഡിതനാണ് ഇമാം ഇബ്നുൽ മുബാറക്. ഒടുവിൽ ബാക്കിയുണ്ടായിരുന്ന ചെരുപ്പ് പോലും വിറ്റ് അദ്ദേഹം നഗ്നപാദനായി സഞ്ചരിക്കുകയുണ്ടായി. ഹദീസ് നിഷേധം ഇന്ന് വ്യാപകമാവുന്നതിന്റെ കാരണങ്ങളിലൊന്ന് ഹദീസിനെ തെറ്റായി മനസ്സിലാക്കുന്നു എന്നതാണ്. ഹദീസ് വിജ്ഞാനീയങ്ങളിൽ നിപുണരായ പണ്ഡിതന്മാർ ഓരോ ഹദീസിനെയും ഇഴകീറി പരിശോധിക്കുകയും, അവക്ക് വ്യാഖ്യാനങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്. ആ അവലംബങ്ങളിൽനിന്നാണ് ഓരോ ഹദീസിന്റെയും പൊരുൾ പഠിതാവ് മനസ്സിലാക്കേണ്ടത്. ഹദീസ് നിരൂപണ ശാസ്ത്രത്തിലെ തത്ത്വങ്ങൾക്കുള്ളിൽനിന്നു കൊണ്ടു വേണം പഠന ഗവേഷണങ്ങളിൽ ഏർപ്പെടാനും. അല്ലാത്ത

പക്ഷം പ്രത്യക്ഷത്തിൽ ചില ഹദീസുകൾ തമ്മിൽ വൈരുധ്യമുള്ളതായും പരസ്പരം യോജിക്കാത്തതായും തോന്നാൻ സാധ്യതയുണ്ട്.

ഹദീസ് ഹൃദിസ്ഥമാക്കുകയും അത് പ്രചരിപ്പിക്കുകയും ചെയ്യുക എന്നതാണ് രണ്ടാമത്തെ നിബന്ധന. ഖുർആൻ സൂക്തങ്ങളിലും ഹദീസുകളിലും മുഴുകിയ ഹൃദയം എന്നും ഊർജസ്വലമായിരിക്കും. അതല്ലാത്ത ഹൃദയം നിത്യവും മുരടിച്ചതും പ്രയോജനകരമായ ചിന്തകളിൽനിന്ന് ശൂന്യവുമായിരിക്കും. ഹൃദയം ഇസ്‌ലാമിക അധ്യാപനങ്ങളാൽ മുഖരിതമായാൽ മനുഷ്യൻ ക്രമേണ തിന്മകളിൽനിന്ന് അകന്നുനിൽക്കും. അതിനാലാണ് ഹൃദയമാണ് അച്ചുതണ്ടെന്നും, ഹൃദയത്തിന് തിരിച്ചറിവുണ്ടെങ്കിൽ ശരീരത്തിലേക്ക് നിർബന്ധമായും ആ തിരിച്ചറിവ് ഒഴുകിയെത്തുമെന്നും, ഹൃദയത്തിന്റെ ഉദ്ദേശ്യങ്ങളെ നിരാകരിക്കാൻ ശരീരത്തിന് സാധിക്കുകയില്ലെന്നും ഇമാം ഇബ്നു തൈമിയ്യ നിരീക്ഷിച്ചത്. സൗകര്യങ്ങൾ തുഛമായ കാലത്തും ഹൃദിസ്ഥമാക്കാൻ സ്വഹാബത്ത് ഹദീസുകൾ എഴുതിവെക്കുമായിരുന്നു. നബി(സ)യിൽനിന്ന് കേൾക്കുന്നതെല്ലാം ഹൃദിസ്ഥമാക്കാനായി താൻ എഴുതിവെക്കാറുണ്ടായിരുന്നുവെന്ന് സ്വഹാബിയായ അബ്ദുല്ലാഹിബ്നു അംറ് പറഞ്ഞിട്ടുണ്ട്. ഹദീസ് സമാഹരണത്തിൽ വലിയ പങ്ക് വഹിച്ച പല ഇമാമുകളും അനേകായിരം ഹദീസുകൾ പരമ്പര സഹിതം മനപ്പാഠമാക്കിയിരുന്നു. താൻ ഒരു ലക്ഷത്തോളം സ്വഹീഹായ ഹദീസുകൾ മനപ്പാഠമാക്കിയിരുന്നുവെന്ന് ഇമാം ബുഖാരി പറഞ്ഞതായി ഇമാം ദഹബി ഉദ്ധരിച്ചിട്ടുണ്ട്.

ഇങ്ങനെ കേൾക്കുകയും ഗ്രഹിക്കുകയും ഹൃദിസ്ഥമാക്കുകയും ചെയ്ത ഹദീസുകൾ മറ്റുള്ളവരിലേക്ക് എത്തിച്ചുകൊടുക്കുകയും വേണം. ഒരു വിശ്വാസിക്ക് ഹദീസ് വിജ്ഞാനീയങ്ങളിൽ അവഗാഹമില്ലെങ്കിലും ഹദീസ് നിവേദനം ചെയ്യുന്നത് അനുവദനീയമാണ് എന്നതിന് ഈ ഹദീസ് തെളിവാണ്. ഫഖീഹ് ആവുക, അല്ലെങ്കിൽ അവഗാഹജ്ഞാനം നേടുക എന്നത് ഹദീസ് ഉദ്ധരിക്കാനും പ്രചരിപ്പിക്കാനുമുള്ള നിബന്ധനകളിൽപെട്ടതല്ല. 'ജ്ഞാനികളല്ലാത്ത എത്ര ആളുകളുണ്ട് വിജ്ഞാനം വഹിക്കുന്നവരായി' എന്ന ഹദീസിലെ വാക്യം ഇമാം മുനാവി *ഫൈദുൽ ഖദീറിൽ* (6/284) ഇതിന് തെളിവായി ഉദ്ധരിച്ചിട്ടുണ്ട്. ഹദീസ് നിവേദകന് ഒരുപക്ഷേ, താൻ നിവേദനം ചെയ്യുന്ന ഹദീസിന്റെ പൊരുൾ പൂർണമായി മനസ്സിലായിട്ടുണ്ടാവില്ല. പക്ഷേ, അദ്ദേഹത്തിന്റെ നിവേദനം വഴി ആ ഹദീസ് ഒരു പണ്ഡിതനിലേക്ക് എത്തുമ്പോൾ അത് ആഴത്തിൽ ഗ്രഹിക്കാനും അതിൽനിന്ന് പുതിയ നിയമങ്ങൾ നിർധാരണം ചെയ്തെടുക്കാനും ആ പണ്ഡിതന് സാധിക്കും. അതിനാലാണ് ഹദീസിന്റെ പൊരുൾ പൂർണമായി ഗ്രഹിച്ചില്ലെങ്കിലും ഹദീസ് നിവേദനം ചെയ്യാം എന്ന് ഇമാമുകൾ പറഞ്ഞത്. ഹദീസ് ഉദ്ധരിക്കുന്നതിനേക്കാൾ പ്രാധാന്യം ആ ഹദീസുകളിൽ പഠനം നടത്തുന്നതിനാണ് എന്നും ഇതിൽനിന്ന് ഗ്രഹിക്കാം. ഹദീസുകളും ഹദീസ് വിജ്ഞാനീയങ്ങളും വ്യാപകമായി തെറ്റിദ്ധരിപ്പിക്കപ്പെടുന്ന നിലവിലെ സാഹചര്യത്തിൽ ഹദീസ് പഠിക്കാനും പ്രചരിപ്പിക്കാനും അവയിൽ കൂടുതൽ ആലോചനകൾ നടത്താനും വിശ്വാസികൾ സന്നദ്ധരാകണം. ഇഹത്തിലും പരത്തിലും ഒട്ടനവധി പ്രതിഫലങ്ങൾ അത് വിശ്വാസിക്ക് നേടിത്തരും. ●